4. ജനസ് ഓവർസീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ജയ്പൂർ
5. എച്ച്. പി.എൽ. സോക്കോമെക്ക് പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി
6. ആവോൺ മീറ്റേഴ്സ് ലിമിറ്റഡ്, പഞ്ചാബ്
7. ഓമിനി അഗേറ്റ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ
8. കൃാപ്പിറ്റൽ പവ്വർ സിസ്റ്റം ലിമിറ്റഡ്, നോയിഡ
9. ഡ്യൂക്ക് അർണിക്ക് ഇലക്ട്രോണിക് ലിമിറ്റഡ്, ഹൈദ്രാബാദ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കാസർഗോഡ് ജില്ലയിൽ വയറിംഗ് പൂർത്തിയാക്കിയ വീടുകൾക്ക് കണക്ഷൻ നൽകാൻ നടപടി

20 [1917] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കേരള വികസന പദ്ധതിപ്രകാരം വയറിംഗ് പൂർത്തിയാക്കി വൈദ്യുതി കണക്ഷനുവേണ്ടി കാത്തുനിൽക്കുന്ന എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വീടുകൾക്ക് അടിയന്തിര കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വികസന പദ്ധതിപ്രകാരം വയറിംഗ് പൂർത്തിയാക്കി വൈദ്യുതി കണക്ഷനുവേണ്ടി കാത്തുനിൽക്കുന്ന വീടുകളില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ബാണാസുര സാഗർ പദ്ധതിയോടനുബന്ധിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുവാനുള്ള കെ. എസ്. ഇ.ബി.-യുടെ പദ്ധതി

21 [1918] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ബാണാസുര സാഗർ പദ്ധതിയോടനുബന്ധിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള ഏതെങ്കിലും പദ്ധതിക്ക് കെ. എസ്. ഇ. ബി. രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ കെ. എസ്. ഇ. ബി. യ്ക്ക് ഏറ്റവും നല്ല വരുമാന മാർഗ്ഗം കൂടിയായ ഇവിടം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ഒരു പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

(എ) കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതോടു കൂടി ഇതിന്റെ ഭാഗമായ ബാണാസുരസാഗർ ജലസംഭരണി ഉൾപ്പെടുന്ന ഏകദേശം 1400 ഹെക്ടർ പ്രദേശത്ത് ഹൈഡൽ ടൂറിസം സൊസൈറ്റി മുഖേന ആസൂത്രിതമായി ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ 16-12-2004-ൽ കൂടിയ ഹൈഡൽ ടൂറിസം സൊസൈറ്റി ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ജലസംഭരണിയിലുള്ള ചെറുതും വലുതുമായ ഏകദേശം 35 ദ്വീപുകളുടെയും ജലസംഭരണിയുടേയും ജലാധിഷ്ഠിത ടൂറിസം സാധ്യത ഉൾപ്പെടുത്തി പ്രകൃതിക്കനുയോജ്യമായ രീതിയിൽ ഒരു മെഗാ ടൂറിസം പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

വൈദ്യുതി മോഷണം

22 [1919] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ; ഇതിൽ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, മറ്റ് വിവിധ വിഭാഗങ്ങൾ എത്രയെന്ന് താലൂക്ക് തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

649 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം തടയാൻ നടപടി

23 [1920] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
" തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിമോഷണം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly